**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 241** **01-03-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി) | |
| (എ) | കടൽ വഴിയുള്ള ചരക്ക് നീക്കത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത്, വിശേഷിച്ച് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രവർത്തന സജ്ജമാകുന്നതോടെ സംസ്ഥാനത്തെ നോൺ മേജർ പോർട്ടുകൾ വികസിപ്പിക്കുന്നതിനായി മാരിടൈം ബോർഡ് പ്രവർത്തനം നടത്തുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം യാഥാർത്ഥ്യമാകുന്ന തോടെ സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങൾ കേന്ദ്രീകരിച്ച് തീരദേശ ചരക്ക് കപ്പൽ ഗതാഗതവും തുറമുഖാധിഷ്ഠിത വ്യവസായങ്ങളും വികസിപ്പിക്കുന്നതിന് മാരിടൈം ബോർഡ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള കൊല്ലം, ബേപ്പൂർ, അഴീക്കൽ, വിഴിഞ്ഞം തുറമുഖങ്ങളിൽ ചരക്ക് ഗതാഗതത്തിന് വേണ്ട ബെർത്ത്, ക്രെയിനുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ബേപ്പൂരിൽ 11.8 കോടി രൂപ ചെലവിൽ ആഴം വർദ്ധിപ്പിക്കുന്നതിന് അനുമതി നൽകി. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. തുറമുഖത്തിന്റെ ആഴം 5.5 മീറ്ററാക്കാനാണ് ഇപ്പോഴത്തെ നടപടി. തുടർന്ന് ആഴം 8 മീറ്ററായി വർദ്ധിപ്പിക്കുവാനും പദ്ധതിയുണ്ട്. കൊല്ലം തുറമുഖത്ത് കേന്ദ്ര സർക്കാരിന്റെ സാഗർമാല പദ്ധതിയിലുൾപ്പെടുത്തി 101 മീറ്റർ നീളത്തിൽ ഒരു ബർത്ത് പണി കഴിപ്പിച്ചിട്ടുണ്ട്. കൊല്ലത്തിന് ഇന്റഗ്രേറ്റഡ് ചെക്ക് പോസ്റ്റ് (ICP) സ്റ്റാറ്റസ് ലഭിക്കുന്നതിന് വേണ്ടി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെയും, ഗേറ്റ് കോംപ്ലക്സിന്റെയും നിർമ്മാണം പൂർത്തിയാക്കി വരുന്നു. ബന്ധപ്പെട്ട കേന്ദ്ര ഏജൻസികൾ ഇവിടെ സന്ദർശനം നടത്തി അടിസ്ഥാന സൗകര്യ വികസന പരിപാടികൾ വിലയിരുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചാൽ ഇവിടെ ICP നടപടികൾ പൂർത്തീകരിക്കും. കൊല്ലത്ത് നിലവിലുള്ള ക്രെയിനുകൾക്ക് പുറമെ Stand by ക്രെയിനുകളും വാങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. വിഴിഞ്ഞത്ത് |

| | | | |
|---|---|---|---|
| | | | നിലവിലുള്ള ഉറമുഖത്തിന്റെ ബ്രേക്ക് വാട്ടറിന്റെ അറ്റകുറ്റ പണികൾ നടത്തി വരുന്നു. പൊന്നാനിയിൽ ഒരു മൾട്ടി പർപ്പസ് ബർത്ത് പണിയുന്നതിനുള്ള പ്രാഥമിക പഠനം നടത്തുവാൻ സെന്റർ ഫോർ മാനേജ്മെന്റ് സ്റ്റഡീസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡി.പി.ആർ തയ്യാറാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ചെറുകിട ഉറമുഖങ്ങളിൽ ISPS കോഡ് പ്രകാരമുള്ള അംഗീകാരം ലഭിക്കുന്നതിനായുള്ള സുരക്ഷാ ക്രമീകരണങ്ങളും അനുബന്ധ സൗകര്യങ്ങളും നടത്തി വരികയാണ്. അഴീക്കൽ പോർട്ടിൽ കപ്പൽ ചാനൽ ആഴം കൂട്ടുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൊല്ലം, അഴീക്കൽ, ബേപ്പൂർ ഉറമുഖങ്ങളെ ബന്ധിപ്പിച്ച് ഒരു തീരദേശ കപ്പൽ സർവ്വീസ് ആരംഭിച്ചെങ്കിലും ആദായകരമല്ലാത്തതിനാൽ ആ കമ്പനി സർവ്വീസ് നിർത്തി പോകാൻ ഇടയായിട്ടുണ്ട്. തീരദേശ കപ്പൽ സർവ്വീസ് ആദായകരമാക്കുന്നത് സംബന്ധിച്ചുള്ള പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു ഏജൻസിയെ ചുമതലപ്പെടുത്തുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ വിവിധ ഉറമുഖങ്ങളിലേയ്ക്ക് നിക്ഷേപം ആകർഷിക്കുന്നതിനും നിക്ഷേപ സാധ്യത പരിചയപ്പെടുത്തുന്നതിനും മാരിടൈം ബോർഡ് നടത്തിയ പ്രവർത്തനങ്ങൾ ഫലം കണ്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. ഉറമുഖങ്ങൾ കേന്ദ്രീകരിച്ച് അടിസ്ഥാന സൗകര്യങ്ങളും വ്യാവസായിക കേന്ദ്രങ്ങളും സ്ഥാപിച്ചാൽ മാത്രമെ വാണിജ്യപരമായി നമ്മുടെ ചെറുകിട ഉറമുഖങ്ങൾക്ക് നിലനിൽക്കുവാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് സംസ്ഥാനത്തെ ചെറുകിട ഉറമുഖങ്ങളിലെ നിക്ഷേപ സാധ്യത സംബന്ധിച്ച് പ്രിസം (Preliminary Rally of Investors in Shipping and Maritime) എന്ന പേരിൽ 07/04/2022 ന് ഓൺലൈനായി ഒരു നിക്ഷേപ സംഗമം സംഘടിപ്പിക്കുകയുണ്ടായി. വ്യവസായ വാണിജ്യ രംഗങ്ങളിലുള്ളവർക്ക് പുറമെ ഈ രംഗത്തെ വിദഗ്ധരും ഈ യോഗത്തിൽ സംബന്ധിക്കുകയുണ്ടായി. 100 ലധികം നിക്ഷേപകരും വിദഗ്ധരും ഈ യോഗത്തിൽ പങ്കെടുത്തു. അവർ സമർപ്പിച്ച പ്രൊപ്പോസലുകൾ കേരള മാരിടൈം ബോർഡ് പരിശോധിക്കുകയും ബന്ധപ്പെട്ട വിഷയങ്ങളിൽ DPR ഉം Expression of Interest ഉം തയ്യാറാക്കുന്നതിനുമായി കൺസൽട്ടിംഗ് ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന് തുടർച്ചയായി യു.എ.ഇ യിൽ നടത്തിയ നിക്ഷേപ സംഗമത്തിലും മാരിടൈം ബോർഡ് പങ്കെടുത്തു. ഉറമുഖാധിഷ്ഠിത വ്യവസായങ്ങൾക്കും, ടൂറിസം വികസന പദ്ധതികൾക്കും ഉറമുഖങ്ങളോടനുബന്ധിച്ചുള്ള ഭൂമി ആവശ്യമാണ്. |

| | | | |
|---|---|---|---|
| | | | അതുകൊണ്ട് ഓരോ തുറമുഖങ്ങളിലുമുള്ള ഭൂമി അളന്ന് തിട്ടപ്പെടുത്തി അനുയോജ്യമായ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | തീരക്കടൽ വഴിയുള്ള ചരക്കുഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളോടൊപ്പം തന്നെ വിനോദസഞ്ചാര സാധ്യത കൂടി കണക്കിലെടുത്ത് കപ്പൽ യാത്രാ സർവീസ് ആരംഭിക്കുന്നതിനുള്ള സാധ്യതയും പരിഗണിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | ഉണ്ട്. ബേപ്പൂർ, പൊന്നാനി തുറമുഖങ്ങൾ കേന്ദ്രീകരിച്ച് ക്രൂയിസ് ഷിപ്പിംഗ് നടത്തുന്നതിനുള്ള സാധ്യത പരിശോധിച്ചു വരുന്നു. കോവളം – കന്യാകുമാരി പാസഞ്ചർ സർവ്വീസ് ആരംഭിക്കുന്നതിന്റെ സാധ്യത പരിശോധിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ കന്യാകുമാരിയിൽ കപ്പലടുപ്പിക്കുന്നതിനുള്ള സൗകര്യങ്ങളില്ലാത്തത് തടസ്സമാ യിട്ടുണ്ട്. പൊന്നാനിയിൽ നിന്ന് ലക്ഷദ്വീപുമായി ബന്ധപ്പെട്ട ടൂറിസ വികസന സാധ്യതയും പരിശോധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ